## VII നിർദേശം നമ്പർ 1 എ പ്രകാരമുള്ള പ്രസ്താവന

വനം-വന്യജീവി വകുപ്പുമന്ത്രിയുടെ വസ്തുതാവിരുദ്ധമായ പ്രസ്താവന

ശ്രീ. എ. പി. അനിൽ കുമാർ: സർ, വന്യജീവി ആക്രമണം സംബന്ധിച്ച് 23-01-2025-ന് സഭാനടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപത്തിന്റെ അവതരണാനുമതി പരിഗണിച്ച വേളയിൽ വനം-വന്യജീവി വകുപ്പുദ്യോഗസ്ഥർക്ക് അമിതാധികാരം നൽകുന്ന വ്യവസ്ഥകളുൾപ്പെടുത്തി 2013-ൽ ഉമ്മൻ ചാണ്ടി സർക്കാർ വനനിയമം ഭേദഗതി ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവെന്നും പ്രസ്തുത ഭേദഗതി നിയമം, നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭിക്കുമെന്നും ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രി നടത്തിയ പ്രസ്താവനയിലേയ്ക്ക് സഭയുടെ ശ്രദ്ധക്ഷണിക്കുകയാണ്. 'ആ നിയമം ആദ്യമായി പരിശോധിച്ചത് ആരാണ്? ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരല്ല; 2013-ലെ ഉമ്മൻ ചാണ്ടി സർക്കാരാണ്. 2013-ലെ ആ ഭേദഗതി നിയമം നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭിക്കും. അത് വായിച്ചശേഷം അതും ഇതും തമ്മിലുള്ള വ്യത്യാസം എന്താണെന്ന് വിശദീകരിച്ചാൽ വളരെ നന്നായിരുന്നു എന്നുപറയാൻ ഞാനാഗ്രഹിക്കുകയാണ്' എന്നായിരുന്നു ബഹുമാനപ്പെട്ട

വനം-വന്യജീവി വകുപ്പുമന്ത്രി ഈ സഭയിൽ നടത്തിയ പ്രസ്താവന. എന്നാൽ 2013-ൽ വനനിയമം ഭേദഗതി ചെയ്തുകൊണ്ടുള്ള ബില്ലിന് അന്നത്തെ സംസ്ഥാന മന്ത്രിസഭ അംഗീകാരം നൽകുകയോ ആയത് ഗസറ്റിൽ പ്രസിദ്ധീകരിക്കുകയോ ചെയ്തിട്ടില്ലെന്ന് ഞാൻ 11-02-2025-ൽ നോട്ടീസ് നൽകിയ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 910-ന് ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രി തന്നെ മറുപടി നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരത്തിന്റെ പകർപ്പും മന്ത്രിയുടെ പ്രസ്താവനയുടെ പ്രസക്തഭാഗങ്ങളും ബഹുമാനപ്പെട്ട ചെയറിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതാണ്. ഇതിൽനിന്നും ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രി ബോധപൂർവം നിയമസഭയെയും സാമാജികരെയും പൊതുസമൂഹത്തെയും തെറ്റിദ്ധരിപ്പിക്കുന്ന പ്രസ്താവന നടത്തിയതായി വ്യക്തമാണ്. ആയതിനാൽ ബഹുമാനപ്പെട്ട മന്ത്രി നിയമസഭയിൽ നടത്തിയ വസ്തുതാവിരുദ്ധമായ പരാമർശം തിരുത്തി വ്യക്തതവരുത്തുന്നതിന് നിർദ്ദേശം നൽകണമെന്ന് ബഹുമാനപ്പെട്ട ചെയറിനോട് അഭ്യർത്ഥിക്കുകയാണ്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, അത്തരമൊരു തെറ്റായ പ്രസ്താവന നടത്തേണ്ടിവന്നതിൽ ഞാൻ ആദ്യമായി

ഖേദം പ്രകടിപ്പിക്കുകയാണ്. ഞാൻ ഉദ്ദേശിച്ചതും പറഞ്ഞതും സെക്രട്ടേറിയറ്റ് എന്നുമാത്രമാണ്. പക്ഷേ അന്നേരത്തെ സംസാരത്തിനിടയിൽ വന്നുപോയ ഒരു പിശകാണ് നിയമസഭ എന്ന വാക്ക്. മനപൂർവം ആരെയെങ്കിലും കുറ്റപ്പെടുത്താനോ സഭയെ തെറ്റിദ്ധരിപ്പിക്കാനോ സഭയോട് അനാദരവ് കാണിക്കാനോ ഞാൻ ഒരിക്കലും ശ്രമിച്ചിട്ടില്ല; ഇനിയും അങ്ങനെ ഉണ്ടാകുകയില്ല. ബഹുമാനപ്പെട്ട സഭയും ബഹുമാനപ്പെട്ട അംഗവും ആ അർഥത്തിലും സ്പിരിറ്റിലും അതിനെയെടുക്കണം. ഇത് തിരുത്താനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിക്കുന്നു.